**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ് ഖാദി ബോർഡ് വൈസ് ചെയർമാൻ അടക്കമുള്ളവർക്കെതിരായ വെളിപ്പെടുത്തലുകൾ സംബന്ധിച്ചാണ്. റൂൾ 50 പ്രകാരമുള്ള നോട്ടീസിന് അനുമതി നൽകുന്നത് സംബന്ധിച്ച് ....

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 52(v) പ്രകാരം നിലനിൽക്കുന്നതല്ലാത്തതിനാൽ ടി നോട്ടീസിന് അനുമതി നൽകാൻ പാടില്ലെന്നാണ് ചെയറിനോട് അഭ്യർത്ഥിക്കാനുള്ളത്. കാരണം, ചട്ടം 52(v)-ൽ "പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുക്കാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച്

പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു." പ്രതിപക്ഷം ഇന്നിവിടെ കൊണ്ടുവന്നിരിക്കുന്ന നോട്ടീസ് അഭ്യൂഹങ്ങളുടെയും വ്യാജോക്തികളുടെയും അടിസ്ഥാനത്തിലുള്ളതും ആരോപണവും അപകീർത്തികരമായ പ്രസ്താവനകളടങ്ങിയതുമാണ്. അതുകൊണ്ട് ടി നോട്ടിസ് റൂൾ 50 പ്രകാരം ഇന്ന് ചർച്ചയ്ക്കെടുക്കാൻ പാടില്ലയെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: റൂൾ 50 നോട്ടീസിന് അനുമതി നൽകുന്നത് സംബന്ധിച്ച് നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 52(v)-ൽ "വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുക്കാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീ. സണ്ണി ജോസഫും മറ്റ് അംഗങ്ങളും ചേർന്ന് ഇന്നിവിടെ നൽകിയിട്ടുള്ള നോട്ടീസിൽ ഖാദി ബോർഡ് വൈസ് ചെയർമാന്റെ ഔദ്യോഗിക നിലയിലോ പൊതുക്കാര്യനിലയിലോ അല്ലാതെയുള്ള നടപടികളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ചട്ടം 52(v) പ്രകാരം നോട്ടീസിന് അനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കുറേനാളുകളായി സഭ തുടർന്നുവരുന്ന പ്രീസിഡൻസ് കണക്കിലെടുത്ത് ഇതുപോലുള്ള നിരവധി വിഷയങ്ങൾ റൂൾ 50 അടിസ്ഥാനത്തിൽ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ കണ്ടുവരുന്ന പുതിയൊരു പ്രവണത സർക്കാർ പ്രതിക്കൂട്ടിലാകുന്നതോ മന്ത്രിമാർ പ്രതിക്കൂട്ടിലാകുന്നതോ പാർട്ടി പ്രതിക്കൂട്ടിലാകുന്നതോ ആയ യാതൊരുകാര്യവും സഭയിൽ ചർച്ചയ്ക്ക് കൊണ്ടുവരാൻ പറ്റില്ല. ഈയൊരു സമീപനം ശരിയല്ല. ഞങ്ങൾ അതിനെ ശക്തിയായി പ്രതിഷേധിക്കുന്നു. ഇവിടെ സംസ്ഥാനത്തെ മുഴുവൻ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകളാണ് ഉണ്ടായിരിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമല്ലേ; നാട്ടിലെ ക്രിമിനൽ ആക്ടിവിറ്റികൾക്ക് രാഷ്ട്രീയ നേതൃത്വം കുടപിടിച്ചുകൊടുക്കുന്ന, പൊളിട്ടിക്കൽ patronage കൊടുക്കുന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ്. ഇതിൽ സ്വർണ്ണക്കള്ളക്കടത്ത് മുതൽ മയക്കുമരുന്ന് കടത്തുവരെയുള്ള എല്ലാ സംഭവങ്ങളുമുണ്ട്. ഇത്രയും ഗുരുതരമായൊരു വിഷയം ഈ സഭയിൽ ചർച്ച ചെയ്യാൻ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

ഡോ. എം. കെ. മുനീർ: സർ........ ബഹളം.....

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്...ശ്രദ്ധക്ഷണിക്കൽ...വാക്കൗട്ടില്ല... പ്ലീസ്..പ്ലീസ്....പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കമാണ് സഭ വിട്ട് പുറത്തുപോയിരിക്കുന്നത്. പ്ലീസ്...പ്ലീസ്.... (ബഹളം)...

(നടപടി നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)